/40603/2023

**അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ. ഷിബു എ.റ്റി. )**

നമ്പർ. PTGD/2614/2022-E3 തീയതി. 31 .05.2023

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - അച്ചടി വകുപ്പിൽ തസ്തികമാറ്റം മുഖേന രണ്ടാം ഗ്രേഡ് ഡി.റ്റി.പി ഓപ്പറേറ്റർമാരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. അച്ചടി വകുപ്പ് ഡയറക്ടറുടെ 30.12.2022 ലെ പി.റ്റി.ജി.ഡി/2614/2022-ഇ3 നമ്പർ പരിപത്രം.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 11.04.2023 ലെ പി.റ്റി.ജി.ഡി/2614/2022-ഇ3 നമ്പർ നോട്ടീസ് പ്രകാരമുള്ള പ്രാഥമിക മുൻഗണനാ പട്ടിക.
3. അച്ചടി വകുപ്പ് ഡയറക്ടറുടെ 23.05.2023 ലെ പി.റ്റി.ജി.ഡി/2614/2022-ഇ3 നമ്പർ ഉത്തരവ് പ്രകാരമുള്ള അന്തിമ മുൻഗണനാ പട്ടിക.
4. 30.09.2016 ലെ ജി.ഒ.(പി) 19/2016/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
5. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള 30/04/2020 ലെ സ.ഉ (സാധാ) നം. 571/2020/ഉ.വി.വ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഡി.റ്റി.പി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനായി പരാമർശം (1) പ്രകാരം യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയും പരാമർശം (2) പ്രകാരം പ്രാഥമിക മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ലിസ്റ്റിന്മേൽ ലഭിച്ച പരാതികൾ പരിശോധിച്ച് പരാതികളിൽ ഉചിതമായ തീരുമാനം കൈക്കൊണ്ട് പരാമർശം (3) പ്രകാരം അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചു. അപ്രകാരം പ്രസിദ്ധീകരിച്ച അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരിൽ നിന്നും പരാമർശം (5) ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിൽ മണ്ണന്തല ഗവൺമെന്റ് പ്രസ്സിലുള്ള മൂന്ന് ഒഴിവിലേയ്ക്ക് 35600 – 75400 രൂപ ശമ്പള സ്കെയിലിൽ ഡി.റ്റി.പി ഓപ്പറേറ്റർ ഗ്രേഡ് II തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥലംമാറ്റം/ തസ്തികമാറ്റം/ കാര്യാലയം/ശമ്പള സ്കെയിൽ |
|---|---|---|
| 1. | ശ്രീമതി. സന്ധ്യാരാജൻ. എസ്<br>ഒന്നാം ഗ്രേഡ് ബൈന്റർ,<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | തസ്തികമാറ്റം<br>ഡി.റ്റി.പി ഓപ്പറേറ്റർ ഗ്രേഡ് II<br>ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല.<br>(35600 – 75400)<br>(ശ്രീമതി സന്ധ്യ രാജൻ IT സെല്ലിൽ വഹിച്ചിരുന്ന ജോലികളുടെ ചുമതലയും User ID ,Password എന്നിവയും , താൽകാലികമായി ടി സെക്ഷനിലെ ക്ലാർക്ക് ശ്രീ മുഹമ്മദ് ഷഫീഖിന് നൽകേണ്ടതുമാണ് ) |
| 2. | ശ്രീമതി. സുനിത. കെ<br>ഒന്നാം ഗ്രേഡ് ബൈന്റർ,(HG)<br>സർക്കാർ മുദ്രനിർമ്മാണശാല,<br>തിരുവനന്തപുരം. | തസ്തികമാറ്റം<br>ഡി.റ്റി.പി ഓപ്പറേറ്റർ ഗ്രേഡ് II<br>ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല.<br>(35600 – 75400) |
| 3. | ശ്രീമതി. അനീഷ. എം. എച്ച്<br>ഒന്നാം ഗ്രേഡ് ബൈന്റർ,<br>ഗവൺമെന്റ് പ്രസ്സ്,<br>ഷൊർണ്ണൂർ | തസ്തികമാറ്റം<br>ഡി.റ്റി.പി ഓപ്പറേറ്റർ ഗ്രേഡ് II<br>ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല.<br>(35600 – 75400) |

മേൽ പറഞ്ഞിരിക്കുന്ന ജീവനക്കാരുടെ തസ്തികമാറ്റം/സ്ഥാനക്കയറ്റം OA 235/2022 നമ്പർ കേസിന്റെ അന്തിമ വിധിക്ക് വിധേയമായിരിക്കും.

മുകളിൽ പറഞ്ഞ നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷത്തെ പരിവീക്ഷാകാലത്തിലായിരിക്കുന്നതുമാണ്.

തസ്തികമാറ്റം ലഭിച്ച ജീവനക്കാരെ ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുമുള്ള സത്വര നടപടികൾ അതാത് ഡെപ്യൂട്ടി സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതാണ്. ടി ജീവനക്കാർക്ക് നിയമാനുസൃതമായ ചേരു◌ംകാലത്തിനും യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-

അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക്.

/40603/2023

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/

ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം/

ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം/

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ സൂപ്രണ്ട്/അക്കൗണ്ട്സ് ഓഫീസർ/

ജൂനിയർ സൂപ്രണ്ട് ഇ I, ഇ II, എ2, ജിസിപി ഇ2/ജിസിപി ഇ7 സീറ്റ്/എ7 സീറ്റ്/

സീനിയർ ഫോർമാൻ (ബൈന്റിംഗ്)/ചീഫ് ടൈം കീപ്പർ/ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സിനിയർ സൂപ്രണ്ട്